പൊക്കോട്	291.44 (ഹെ.)
വെള്ളച്ചിപ്പാലി, എടക്കോട്, വല്ലൂർ, ഏലഞ്ചേരി, മുതലമണ്ണ	1894.88
അരിമ്പ്രക്കുത്ത്	130.21
ചാലിയപ്പുറം	3.60
പനയങ്കോട്	343.88
വള്ളുവശ്ശേരി	371.36
ഏറമ്പാടം	226.41
അരുവാക്കോട് ആരവല്ലീക്കാവ്	99.63
കാനക്കുത്ത്	253.18
ചാത്തംപുറായ്	294.34
കരിയംമുരിയം	1121.45
നെല്ലിക്കുത്ത്	808.98

(ബി) വിവരം ശേഖരിച്ചുവരുന്നു.

അമ്പലപ്പുഴ കടൽക്ഷോഭത്തിൽപ്പെട്ടവരുടെ പുനരധിവാസം

173(3054) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽക്ഷോഭത്തിൽപ്പെട്ട് വീടും സ്ഥലവും നഷ്ടപ്പെട്ട കരിനില വികസന ഏജൻസി, പുറക്കാട്, പുറക്കാട് പഴയ പഞ്ചായത്ത് ഓഫീസ്, വണ്ടാനം ശിശുവിഹാർ എന്നിവിടങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ റെയിൽവേ പുറമ്പോക്കിൽ ടെന്റ് കെട്ടിയും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്നു;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ക്യാമ്പുകളിലും ടെന്റുകളിലും വാടക വീടുകളിലും ബന്ധുവീടുകളിലും കഴിയുന്ന ഇവർക്ക് സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരിനില വികസന ഏജൻസിയിൽ 11 കുടുംബങ്ങളും പുറക്കാട് പഴയ പഞ്ചായത്ത് ഓഫീസിൽ 8 കുടുംബങ്ങളും വണ്ടാനം ശിശുവിഹാറിൽ 9 കുടുംബങ്ങളും താമസിക്കുന്നുണ്ട്.

(ബി) 78 കുടുംബങ്ങൾ.

(സി&ഡി) ജില്ലാ കളക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് വാങ്ങി പരിശോധിക്കുന്നതാണ്.

പ്രകൃതിക്ഷോഭത്തിൽ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം

174(3055) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിലും പ്രകൃതിക്ഷോഭത്തിലും പൂർണ്ണമായോ ഭാഗികമായോ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നഷ്ട പരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളിലായി എത്ര രൂപ എത്ര പേർക്ക് ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർണ്ണ ഭവനനാശം, ഗുരുതര ഭവനനാശം : (20-5-2015-ലെ G.O. (MS)194/2015/DMD സർക്കാർ ഉത്തരവ് പ്രകാരം)

പ്ലെയിൻ ഏരിയകളിൽ 95,100 രൂപ, ഹില്ലി ഏരിയകളിൽ 1,01,900 രൂപ എന്നിങ്ങനെ ആശ്വാസ ധനസഹായം നൽകുന്നു. പൂർണ്ണ ഭവനനാശം സംഭവിച്ച വീടുകൾക്കുള്ള ആശ്വാസ ധനസഹായം 2 ലക്ഷം രൂപവരെ അനുവദിക്കും. ആയത് നാശനഷ്ടങ്ങളുടെ തോതനുസരിച്ചാണ് കണക്കാക്കുന്നത്.

ഭാഗിക ഭവനനാശം :

നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള പക്ക വീട് - 5,200 രൂപ

നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള കച്ച വീട് - 3,200 രൂപ

LIBRARY ARCHIVES Kerala Legislative Assembly